## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3109** **13.07.2015-ൽ മറുപടിയ്ക്ക്**

## കേരള സ്പോർട്സ് ആക്ട്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ബെന്നി ബെഹനാൻ**<br>**ശ്രീ.വർക്കല കഹാർ**<br>**ശ്രീ.പി.എ.മാധവൻ**<br>**ശ്രീ.സി.പി.മുഹമ്മദ്** | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |

| | | | |
| --- | --- | --- | --- |
| (എ) | കേരള സ്പോർട്സ് ആക്ട് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | കേരള സ്പോർട്സ് ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികള് സ്വീകരിച്ച് വരുന്നു |
| (ബി) | എന്തെല്ലാം മാറ്റങ്ങളാണ് ഭേദഗതി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) & (സി) | 2000-ലെ കേരള സ്പോർട്സ് ആക്ട് ഭേദഗതി ചെയ്യുന്നതിനും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലുകളുടേയും സുഗമമായ പ്രവർത്തനം ഉറപ്പ വരുത്തുന്നതിനും കേരള സ്റ്റേറ്റ് സ്പോർട്സ് നയം 2012 ന്റെ ലക്ഷ്യങ്ങളും ദർശനങ്ങളും സാക്ഷാത്കരിക്കുന്നതിനുമാണ് നിർദ്ദിഷ്ട ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. പുതുക്കിയ കായിക നയത്തിനനുസൃതമായി സംസ്ഥാന സ്പോർട്സ് കൗൺസിലും ജില്ലാ കൗൺസിലുകളും പുനഃസംഘടിപ്പിക്കേണ്ടി വരുമെന്നതിനാൽ നിലവിലെ സ്പോർട്സ് ആക്ടിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും കായിക രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ രജിസ്ട്രേഷനു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും അവയുടെ പ്രവർത്തനത്തിന് ഏകീകൃതവും സ്വതന്ത്രവും സുതാര്യവുമായ രൂപരേഖ തയ്യാറാക്കുന്നതിനും അവയുടെ പ്രവർത്തനം കായിക നയത്തിന് അനുയോജ്യമായ രീതിയിൽ മാറ്റുന്നതിനും ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നു. |
| (സി) | സ്പോർട്സ് രംഗത്തെ പ്രവർത്തനത്തിനും വളർച്ചയ്ക്കും ആയത് എത്ര മാത്രം സഹായകരമാകും എന്നാണ് കരുതുന്നത് ; | | |

| | | | |
|---|---|---|---|
| | | | സ്പോർട്സ് കൗൺസിലുകളിലെയും മറ്റു കായിക സംഘടനകളുടെയും ഭാരവാഹികളായി കായിക രംഗത്തുള്ളവരെ കൊണ്ടുവരുന്നതിനും സ്പോർട്സിൽ കായികതാരമാണ് കേന്ദ്ര കഥാപാത്രം എന്ന നയത്തിന് ആധാരമായ രീതിയിൽ നിയമ നിർമ്മാണം നടത്തുകയുമാണ് ഈ ഭേദഗതിയിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. അതോടൊപ്പം കായിക രംഗത്ത് അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും അവയുടെ പരിപാലനത്തിനും കായിക താരങ്ങളുടെയും പരിശീലകരുടെയും സംരക്ഷണത്തിനും ഊന്നൽ നൽകി ഒരു കായിക വികസന നിധി രൂപീകരിക്കുന്നതിനും അതിന്റെ നിയമാവലി തയ്യാറാക്കുന്നതിനും ആവശ്യമായ ഭേദഗതികൾ നിലവിലെ സ്പോർട്സ് ആക്ടിൽ കൊണ്ടുവരാനും നിർദ്ദിഷ്ട ഭേദഗതികൊണ്ടു ഉദ്ദേശിക്കുന്നു |
| (ഡി) | ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ? | (ഡി) | കേരള സ്പോർട്സ് ആക്ട് 2000 ഭേദഗതി ചെയ്യുന്നതിനുള്ള കേരള സ്പോർട്സ് (ഭേദഗതി) ബിൽ 2015 നിയമമാക്കുന്നതിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. തുടർന്ന് ഗവർണ്ണറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ബിൽ നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതാണ്. |

Manju M

**സെക്ഷൻ ഓഫീസർ**